# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6813** 13.07.2012-ൽ മറുപടിക്ക്

## വൃക്കദാനത്തിന് നിലവിലുള്ള നിയമവ്യവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൃക്കദാനത്തിന് നിലവിലുള്ള നിയമ വ്യവസ്ഥ എപ്രകാരമാണ് ; വിശദമാക്കുമോ ; | (എ) 1994-ൽ കേന്ദ്ര സർക്കാർ പാർലമെന്റിന്റെ ഇരു സഭകളിലും പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൺ ഓർഗൻ ആക്ട് 1994 ഉം തുടർന്നുള്ള രണ്ട് ഭേദഗതികളുമാണ് വൃക്ക ദാനത്തിന് നിലവിലുള്ള നിയമ വ്യവസ്ഥ. ഇതുപ്രകാരം അടുത്ത ബന്ധുക്കളായി നിർവചിച്ചിട്ടുള്ള അച്ഛൻ, അമ്മ, സഹോദരങ്ങൾ, ഭാര്യ, ഭർത്താവ് എന്നിവർക്ക് ലളിതമായ വ്യവസ്ഥകളനുസരിച്ച് വൃക്ക ദാനം ചെയ്യാൻ കഴിയും. 2011 ലെ ഭേദഗതി പ്രകാരം മുത്തശ്ശൻ/ മുത്തശ്ശി, ചെറുമക്കൾ എന്നിവർക്കും വൃക്കദാനം നടത്തുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാണ്. ഇതിലൊന്നും പെടാത്ത ബന്ധുക്കളല്ലാത്ത വിഭാഗക്കാർക്ക് ഇതിനായി രൂപീകരിച്ചിട്ടുള്ള Transplant Authorization Committee യുടെ അനുവാദം ലഭിച്ചതിനു ശേഷമേ വൃക്ക ദാനം നൽകാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് വൃക്ക ദാനത്തിനുള്ള നടപടിക്രമങ്ങൾ ഒരു നോട്ടിഫിക്കേഷൻ വഴി സർക്കാർ പ്രതിപാദിച്ചിട്ടുണ്ട്. (നമ്പർ 14931/എസ്2/2009/എച്ച് ആന്റ് എഫ്.ഡബ്ല്യൂഡി. തീയതി 19.11.2010.) |
| (ബി) നിയമവ്യവസ്ഥയുടെ കുരുക്കിൽപ്പെട്ട് ഭൂരിഭാഗം പേർക്കും യഥാസമയം വൃക്ക ലഭിക്കുന്നതിനുള്ള കാലതാമസം മൂലം ജീവഹാനി സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |

| | |
|---|---|
| (സി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) പ്രസ്തുത നിയമത്തിൽപ്പറഞ്ഞിരിക്കുന്ന ബന്ധത്തിൽപ്പെട്ടവരുടെയല്ലാതെയുള്ള വൃക്കദാനം കർശനമായ നിയമ നടപടികൾക്ക് വിധേയമാണ്. നിയമ വ്യവസ്ഥകൾക്ക് അനുസരണമല്ലാതെയുള്ള വൃക്കദാനത്തിന് Transplantation of Human Organ (Amendment) Bill 2011 പ്രകാരം 10 വർഷം വരെ തടവും 20 ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണ്. ചില സന്ദർഭങ്ങളിൽ വൃക്കദാന നിയമത്തിലെ വ്യവസ്ഥകൾ മറികടക്കുന്നതിനായി വ്യാജബന്ധുത്വ രേഖകൾ ഹാജരാക്കാറുണ്ട്. ആയതിനാൽ വൃക്കദാതാവ് സമർപ്പിക്കുന്ന രേഖകളെല്ലാം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നത് കാലതാമസം വരുത്താറുണ്ട്. കൂടാതെ വൃക്കദാതാവും സ്വീകർത്താവും കാർഡിയോളജി, ഗാസ്ട്രോ എന്ററോളജി, റസ്പിറേറ്ററി മെഡിസിൻ, യൂറോളജി, അനസ്തീഷ്യ എന്നീ വിഭാഗങ്ങളിലെ പരിശോധനയ്ക്ക് വിധേയനായി ഈ വിഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഓതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്. അനധികൃത വൃക്കദാനവും അതിനോടനുബന്ധിച്ചുള്ള കുറ്റകൃത്യങ്ങളും ഒഴിവാക്കുന്നതിനും, ശസ്ത്രക്രിയാനന്തരം ദാതാവിന്റേയും സ്വീകർത്താവിന്റേയും ആരോഗ്യ സ്ഥിതി സംരക്ഷിക്കേണ്ടതിനാലും അവയവദാന നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള രേഖകൾ ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കുക ദുഷ്ക്കരമാണ്. മാത്രമല്ല, അവയവ ദാനത്തിനുള്ള നിയമ വ്യവസ്ഥ പാർലമെന്റിന്റെ ഇരു സഭകളിലും പാസ്സാക്കിയ നിയമമായതിനാൽ ഈ നിയമത്തെ ലഘൂകരിക്കുന്ന രീതിയിൽ ഭേദഗതി വരുത്താൻ സംസ്ഥാന സർക്കാരിന് സാധിക്കുകയില്ല. കേന്ദ്ര സർക്കാർ ഈ നിയമത്തിൽ ഭേദഗതി വരുത്തി നടപടികൾ ലഘൂകരിച്ചാൽ മാത്രമേ സംസ്ഥാന സർക്കാരിന് അത് പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. |

✓

സെക്ഷൻ ഓഫീസർ